**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3580** **12-03-2025 - ൽ മറുപടിയ്ക്ക്**

**ബി.എഡ്. പാഠ്യപദ്ധതിയിൽ കാലോചിതമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ബി.എഡ്. പാഠ്യപദ്ധതിയിൽ കാലോചിത മാറ്റങ്ങൾ വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | ബി.എഡ്. പാഠ്യപദ്ധതി, നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. NCTE മുന്നോട്ട് വയ്ക്കുന്ന നാലുവർഷ ബി.എഡ് പ്രോഗ്രാം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്:<br><br>1. Nation wide Entrance Examination by NTA<br><br>2. A Dual Major focus on a subject area and Education<br><br>3. Emphasis on Pedagogical practices<br><br>4. Foundational literacy and numeracy<br><br>5. Inclusive education and alignment with Indian values and traditions<br><br>സംസ്ഥാനത്ത് നാലുവർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കരിക്കുലവും മറ്റ് നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് ശ്രീ. മോഹൻ.ബി.മേനോൻ അധ്യക്ഷനായ ഒരു സമിതിയെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുകയുണ്ടായി. സമിതിയുടെ ശുപാർശ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (ബി) | ബി.എഡ്. പാഠ്യപദ്ധതിയിൽ ഡിജിറ്റിൽ പഠനരീതിക്ക് പ്രാമുഖ്യം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ബി) | നിലവിലുള്ള പാഠ്യപദ്ധതിയിൽ ഡിജിറ്റൽ പഠനരീതിയിലുള്ള പ്രവർത്തനങ്ങളും ആശയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ